**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.45** | **28.10.2019-ൽ മറുപടിക്ക്**

**<u>പി.എസ്.സി. പരീക്ഷാ സെന്ററുകളിലെ മാറ്റം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ടി. തോമസ്<br>,, എം. വിൻസെന്റ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ | | | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | കെ.എ.പി. നാല് കാസർഗോഡ് ബറ്റാലിയനിലേയ്ക്ക് പി.എസ്.സി. നടത്തിയ എഴുത്ത് പരീക്ഷയിൽ 1, 2, 28 എന്നീ റാങ്കുകൾ കരസ്ഥമാക്കിയ ആർ. ശിവരഞ്ജിത്, പി. പി. പ്രണവ്, എ. എൽ. നസീം എന്നിവർക്ക് കാസർഗോഡ് ജില്ലയ്ക്ക് വെളിയിൽ പരീക്ഷാ സെന്റർ അനുവദിച്ചിരുന്നുവോ; എങ്കിൽ ഏത് ജില്ലയിലാണ് സെന്റർ അനുവദിച്ചതെന്ന് അറിയിക്കാമോ ; | (എ) യും (ബി) യും (സി) യും | കെ.എ.പി. നാല് കാസർഗോഡ് ബറ്റാലിയനിലേയ്ക്ക് നടന്ന എഴുത്തു പരീക്ഷയിൽ ആർ. ശിവരഞ്ജിത്ത്, പി.വി. പ്രണവ്, എ.എൽ. നസീം എന്നിവർ തിരുവനന്തപുരം ജില്ലയാണ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തത്. പ്രസ്തുത തസ്തികയ്ക്ക് അപേക്ഷാസമർപ്പണ വേളയിൽ തന്നെ എല്ലാ ഉദ്യോഗാർത്ഥികൾക്കും പരീക്ഷ എഴുതുവാൻ താൽപ്പര്യമുള്ള ജില്ലയും, താലൂക്കും തെരഞ്ഞെടുത്ത് സമർപ്പിക്കുന്നതിനുള്ള സംവിധാനം ലഭ്യമായിരുന്നു. |
| (ബി) | കാസർഗോഡ് ജില്ലയ്ക്ക് പുറത്തുള്ള സെന്റർ പ്രസ്തുത വ്യക്തികൾക്ക് അനുവദിച്ചത് അവർ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിലായിരുന്നുവോ; എങ്കിൽ അതിനുള്ള കാരണമായി അപേക്ഷയിൽ സൂചിപ്പിച്ച വസ്തുതകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | | |
| (സി) | ജില്ലാ മാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉദ്യോഗാർത്ഥികളുടെയും അപേക്ഷ പി.എസ്.സി. പരിഗണിക്കാറുണ്ടോ; പ്രസ്തുത പരിഗണന ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ